# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 05 03-02-2020 ലെ മറുപടിക്ക്

**ചോദ്യം**

ഡോ. എം. കെ. മുനീർ

**മറുപടി**

ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

## ഓഫീസ് എക്സ്പെൻസസ് തുക വിനിയോഗം

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് വിവിധ ഗവൺമെന്റ് വകുപ്പ് മേധാവികൾക്ക് അതത് വകുപ്പുകളിൽ യഥേഷ്ടം വകുപ്പ് മന്ത്രിയിൽ നിന്ന് അനുമതിയോടെയോ അല്ലാതെയോ പുതുവത്സരാശംസകളുൾപ്പെടെ യുള്ള വിവിധ സീസണൽ ഗ്രീറ്റിംഗുകളും മനോഹരമായ ഡയറികളും അച്ചടിച്ചിറക്കുന്നതിന് ഓഫീസ് എക്സ്പെൻസ് എന്ന തലക്കെട്ടുള്ള ഫണ്ടിൽ നിന്നനുമതിയുണ്ടോ ; എങ്കിൽ അതിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ; സാമ്പത്തികമായി ഗവൺമെന്റ് ഞെരുക്കം അനുഭവിക്കുന്ന ഈ ഘട്ടത്തിലും അത്തരത്തിൽ പൊതുജനസ്വത്ത് യഥേഷ്ടം ചെലവ് ചെയ്യാൻ അനുമതി നൽകുന്ന ഉത്തരവിന്റെയോ സർക്കുലറിന്റെയോ പകർപ്പ് നൽകുമോ ; | ഓഫീസാവശ്യങ്ങൾക്കുള്ള യന്ത്രോ പകരണങ്ങൾ വാങ്ങൽ, ടെലഫോൺ, വെള്ളം, വൈദ്യുതി ചെലവുകൾ, സ്റ്റേഷനറി, തപാൽ, ഫോറങ്ങളുടെ അച്ചടി എന്നിവയ്ക്കുള്ള ചെലവുകളാണ് ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ നിന്ന് വഹിച്ചു വരുന്നത്. കൂടാതെ ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ് അത്യാവശ്യ ചെലവുകളും പ്രസ്തുത ശീർഷകത്തിൽ നിന്നും വഹിക്കാറുണ്ട്.<br><br>ഓഫീസ് ചെലവുകൾ എന്ന ശീർഷകത്തിൽ നിന്ന് ഓഫീസ് സംബന്ധമായ ചെലവുകൾക്കായി നിഷ്ക്കർഷിക്കുന്ന ഇനങ്ങൾക്കല്ലാതെ യുള്ള ചെലവുകളെ സർക്കാർ പ്രോത്സാഹിപ്പിക്കുന്നില്ല. |
| (ബി) | ഈ വർഷം പ്രസ്തുത ഫണ്ട് ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ എത്ര വകുപ്പ് മേധാവികൾ ഇത്തരത്തിൽ ചെലവ് വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ; | സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ / കോർപ്പറേഷനുകൾ/ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് 22.11.2018 -ലെ സർക്കുലർ നം. 108/2018/ധന. |
| (സി) | ഈ ഫണ്ടിൽ നിന്ന് പണം പ്രസ്തുത ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നതിന് വകുപ്പ് മേധാവികൾ അനുമതി | |

| | | |
|---|---|---|
| | ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അനുമതി ആവശ്യപ്പെട്ടവർ ആരൊക്കെയെന്നും ആർക്കൊക്കെ അനുമതി ലഭ്യമാക്കിയെന്നുമുള്ള വിശദ വിവരം ലഭ്യമാക്കുമോ ; | പ്രകാരം ഡയറികൾ മുതലായവ അച്ചടിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഇത്തരം ചെലവുകൾ വഹിക്കാൻ അനുമതി നൽകിയതായി കാണുന്നില്ല. |
| (ഡി) | ഇത്തരത്തിലുള്ള അനുമതി അപേക്ഷയിന്മേൽ ഏതിനെങ്കിലും അനുമതി നിഷേധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | |
| (ഇ) | ഓഫീസ് എക്സ്പെൻസസ് തുക ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് സർക്കാർ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ; | |
| (എഫ്) | ഓഫീസ് എക്സ്പെൻസസ് ഫണ്ട് ഈ രീതിയിൽ ചെലവഴിക്കുന്നതിലൂടെ സാധാരണക്കാരായ ജനങ്ങൾക്ക് എന്തെല്ലാം അധിക നേട്ടങ്ങളാണ് ഉണ്ടാകുന്നത് എന്ന് വ്യക്തമാക്കുമോ ? | |

Sajeela

**അക്കൗണ്ട്സ് ഓഫീസർ**